REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-05-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **മൊബൈൽ അധിഷ്ഠിത ദേശീയ ദുരന്ത ജാഗ്രതാ സംവിധാനത്തിന് ഇന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ തുടക്കം കുറിക്കും.**
- **കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും തെരഞ്ഞെടുപ്പ് ഫലത്തിന് ഇനി രണ്ട് ദിവസത്തെ മാത്രം കാത്തിരിപ്പ്.**
- **സെൻസസ് - 2027 ന്റെ ആദ്യഘട്ടം ഇന്നലെ ആറ് സംസ്ഥാനങ്ങളിൽ ആരംഭിച്ചു.**
- **സംസ്ഥാനത്ത് പലയിടങ്ങളിലും ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിന് ജയം.**

## വാർത്തകൾ വിശദമായി

മൊബൈൽ അധിഷ്ഠിത ദേശീയ ദുരന്ത ജാഗ്രതാ സംവിധാനത്തിന് ഇന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ തുടക്കം കുറിക്കും. ടെലികമ്യൂണിക്കേഷൻ വകുപ്പ് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നാണ് സംവിധാനം വികസിപ്പിച്ചത്. ദുരന്ത സാഹചര്യങ്ങളിൽ ഏറ്റവും പുതിയ വിവരങ്ങൾ സംവിധാനത്തിൽ ലഭ്യമാകും.

'സചേത്" എന്ന പേരിൽ ദുരന്ത നിവാരണ അതോറിറ്റി സമഗ്ര ജാഗ്രതാ സംവിധാനം ഇതിനകം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. C-ഡോട്ട് ആണ് ഇത് വികസിപ്പിച്ചത്. സെൽ ബ്രോഡ്കാസ്റ്റ് സാങ്കേതിക വിദ്യയും ഇതോടൊപ്പം

ലഭ്യമാണ്. സുനാമി, ഭൂകമ്പം, ഇടിമിന്നൽ, എന്നിവയടക്കം ദുരന്ത സാഹചര്യങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന സംവിധാനം ഇന്ന് മുതൽ രാജ്യവ്യാപകമായി ലഭിച്ചുതുടങ്ങും. 19 ഇന്ത്യൻ ഭാഷകളിൽ സന്ദേശങ്ങൾ ഉണ്ടായിരിക്കും.

✪✪✪

കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും തെരഞ്ഞെടുപ്പ് ഫലത്തിന് ഇനി രണ്ട് ദിവസത്തെ മാത്രം കാത്തിരിപ്പ്. മറ്റന്നാൾ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. പോസ്റ്റൽ ബാലറ്റുകൾ എണ്ണി തീർത്ത ശേഷം വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടെണ്ണൽ ആരംഭിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)..........

വോട്ടെണ്ണലിനായി വിപുലമായ ക്രമീകരണങ്ങളാണ് ഇത്തവണ തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കുന്നത്. വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ സുരക്ഷ ശക്തമാക്കാൻ QR കോഡ് അധിഷ്ഠിത തിരിച്ചറിയൽ സംവിധാനം ഏർപ്പെടുത്തി. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ അനധികൃതമായി ആരും പ്രവേശിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനാണ് നടപടി. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ തിരിച്ചറിയിലിനായി ത്രിതല സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

ആദ്യ രണ്ട് ഘട്ടങ്ങളിൽ വരണാധികാരി നൽകിയ ഫോട്ടോ തിരിച്ചറിയൽ കാർഡുകൾ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ചായിരിക്കും ആളുകളെ ഹാളിലേക്ക് കടത്തിവിടുന്നത്. മൂന്നാം ഘട്ടത്തിൽ QR കോഡ് സ്കാൻ ചെയ്യും.

മാധ്യമപ്രവർത്തകർക്കായി ഓരോ വോട്ടെണ്ണൽ കേന്ദ്രത്തിന് സമീപവും മീഡിയ സെന്ററുകൾ സജ്ജമാക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക അധികാര പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും മാധ്യമപ്രവർത്തകർക്ക് മീഡിയാ സെന്ററിലെ പ്രവേശനം.

നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടെണ്ണൽ ഉദ്യോഗസ്ഥരിൽ കഴിഞ്ഞ ദിവസങ്ങളിലെ പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന തിരുവനന്തപുരത്തെ ജീവനക്കാർക്ക് ഇന്ന് ഉച്ചയ്ക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പരിശീലനം ക്രമീകരിച്ചതായി ട്രെയ്നിംഗ് നോഡൽ ഓഫീസർ അറിയിച്ചു. ഡ്യൂട്ടിയ്ക്ക് നിയോഗിച്ചവർ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

✪✪✪

പശ്ചിമബംഗാളിലെ വോട്ടെണ്ണലിന് കേന്ദ്രഗവണ്മെന്റ് ഉദ്യോഗസ്ഥരെ മാത്രം നിയമിച്ചതിൽ ഇടപെടാനാവില്ലെന്ന കൽക്കട്ട ഹൈക്കോടതി ഉത്തരവിനെതിരെ തൃണമൂൽ കോൺഗ്രസ് സമർപ്പിച്ച ഹർജി, സുപ്രീംകോടതി പ്രത്യേക ബെഞ്ച് രാവിലെ പരിഗണിയ്ക്കും. അവധിദിവസമാണെങ്കിലും വിഷയം അടിയന്തരമായി പരിഗണിക്കാൻ സുപ്രീംകോടതി പ്രത്യേക ബെഞ്ച് രൂപീകരിക്കുകയായിരുന്നു. ജസ്റ്റിസുമാരായ PS നരസിംഹയും, ജയ്മാലാബാഗ്ചിയുമാണ് അപ്പീൽ ഹർജി പരിഗണിക്കുന്നത്.

✪✪✪

പശ്ചിമബംഗാളിലെ രണ്ട് ജില്ലകളിലെ 15 ബൂത്തുകളിൽ റീപോളിംഗിന് തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു. റീപോളിംഗ് രാവിലെ ഏഴിന് ആരംഭിക്കും. മഗ്രാഹത്ത് പശ്ചിം മണ്ഡലത്തിലെ 11 ബൂത്തുകളിലും, ഡയമണ്ട് ഹാർബർ മണ്ഡലത്തിലെ നാല് ബൂത്തിലുമാണ് ഇന്നത്തെ റീപോളിംഗ്. രണ്ടാം ഘട്ടത്തിൽ കഴിഞ്ഞ ബുധനാഴ്ചയായിരുന്നു ഇവിടങ്ങളിലെ വോട്ടെടുപ്പ്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യങ്ങൾക്കിടയിലും നിർണായക മേഖലകളിലെ തയ്യാറെടുപ്പും തുടർച്ചയും ഉറപ്പാക്കാൻ ഗവണ്മെന്റ് സത്വര നടപടികൾ എടുക്കുന്നുണ്ടെന്ന് കേന്ദ്രം അറിയിച്ചു. LPG പൂഴ്ത്തിവെപ്പും, കരിഞ്ചന്തയും തടയാൻ രാജ്യവ്യാപകമായി റെയ്ഡുകൾ നടത്തിവരികയാണ്. 2300 ൽ അധികം റെയ്ഡുകൾ ഇതിനകം പൂർത്തിയായി. ഓൺലൈൻ LPG സിലിണ്ടർ ബുക്കിങ്ങുകൾ 98 ശതമാനമായി വർധിച്ചുവെന്നും പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ത്യയുടെ ക്രൂഡ് ഓയിൽ ശേഖരണ സ്രോതസ്സുകൾ 41 രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞതായി പെട്രോളിയം മന്ത്രി ഹർദ്ദീപ് സിംഗ് പുരി അറിയിച്ചു. നേരത്തെ 27 രാജ്യങ്ങളിലായിരുന്നു ഈ സംവിധാനം. ലോകത്തെ ഇന്ധന പ്രതിസന്ധി കാലത്ത് രാജ്യത്തെ ഊർജ്ജസുരക്ഷ ഉറപ്പാക്കുന്നതിന് ഗവണ്മെന്റ് ഉയർന്ന പരിഗണനയാണ് നൽകുന്നതെന്ന് ഹർദ്ദീപ് സിംഗ് പുരി സൗത്ത് ഗുജറാത്തിൽ പറഞ്ഞു. ആഭ്യന്തര പെട്രോളിയം ഉത്പാദനം 60 ശതമാനത്തോളം ഉയർത്താൻ കഴിഞ്ഞതായും പുരി പറഞ്ഞു.

✪✪✪

സെൻസസ് - 2027 ന്റെ ആദ്യഘട്ടം ഇന്നലെ ആറ് സംസ്ഥാനങ്ങളിൽ ആരംഭിച്ചു. ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഹരിയാന എന്നിവയടക്കം സംസ്ഥാനങ്ങളിലാണ് കണക്കെടുപ്പിന്റെ ഒന്നാം ഘട്ടമായ വീട്

പട്ടികപ്പെടുത്തലും, ഭവന സെൻസസും  തുടങ്ങിയത്. 15 ദിവസത്തെ സെൽഫ് എന്യൂമറേഷന് ശേഷമാണ് ഉദ്യോഗസ്ഥതല കണക്കെടുപ്പ് ആരംഭിച്ചത്.

സെൻസസ് ചരിത്രത്തിൽ ആദ്യമായി ഏർപ്പെടുത്തിയ സെൽഫ് എന്യൂമറേഷൻ സൗകര്യത്തിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. ഇതുവരെ 82 ലക്ഷം വീടുകൾ ഡിജിറ്റൽ പോർട്ടൽ വഴി വിവരങ്ങൾ രേഖപ്പെടുത്തിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

✪✪✪

രണ്ടായിരം രൂപ നോട്ടുകൾ പിൻവലിച്ചു മൂന്നു വർഷത്തിനകം 98.47 ശതമാനം നോട്ടുകളും തിരികെ എത്തിയതായി  റിസർവ് ബാങ്ക് അറിയിച്ചു. 2023 മെയ് 19 നാണ്  RBI  2000 രൂപ നോട്ടുകൾ  പിൻവലിച്ചത്. കഴിഞ്ഞ മാസം 30 ന് ലഭിച്ച കണക്കനുസരിച്ച്  5451 കോടി രൂപയുടെ  നോട്ടുകൾ മാത്രമാണ് വിനിമയത്തിലിരിക്കുന്നത്. 2000 രൂപ നോട്ട് പിൻവലിച്ചെങ്കിലും അതിന് ഇപ്പോഴും സാധുതയുണ്ടെന്നും റിസർവ് ബാങ്ക് അറിയിച്ചു.

✪✪✪

പശ്ചിമേഷ്യൻ  സംഘർഷം അവസാനിപ്പിക്കാൻ  ഇറാൻ നൽകിയ ഏറ്റവും പുതിയ നിർദ്ദേശം അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തള്ളി. അമേരിക്കയുമായി  ചർച്ചകൾക്ക് ഏറ്റവും പുതിയ നിർദ്ദേശം ഇന്നലെയാണ് ഇറാൻ, പാകിസ്ഥാൻ മധ്യസ്ഥർ വഴി US ന് അയച്ചത്. ടെഹ്റാൻ ചർച്ചകളിൽ പുരോഗതി കൈവരിച്ചതായി സമ്മതിച്ച ട്രംപ്, ഇറാന്റെ നിബന്ധനകളിൽ ഇപ്പോഴും അതൃപ്തനാണെന്ന് അറിയിച്ചു. ഇറാൻ അംഗീകരിക്കാൻ കഴിയാത്ത ഇളവുകൾ തേടുകയാണെന്നും ട്രംപ് കുറ്റപ്പെടുത്തി.

ഹോർമൂസ് കടലിടുക്കിലെ ഇറാന്റെ ഭീഷണി മറികടക്കാൻ പണമായോ, ഡിജിറ്റലായോ തുക നൽകുന്ന ഷിപ്പിംഗ് കമ്പനികൾക്കെതിരെ നടപടിയുണ്ടാകുമെന്ന് US ട്രഷറി ബെഞ്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത്  പലയിടങ്ങളിലും ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.  എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കോട്ടയം, ആലപ്പുഴ,  ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ്  ജാഗ്രതാ നിർദ്ദേശം.

വിവിധ ജില്ലകളിൽ പകൽ സമയം `ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

ഈ വർഷത്തെ കൊട്ടിയൂർ വൈശാഖ മഹോത്സവ ചടങ്ങുകളുടെ സമയക്രമം നിശ്ചയിക്കാൻ പ്രക്കൂഴ ചടങ്ങ് ഇന്ന് നടത്തും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

............(വോയ്സ്)...........

✪✪✪

ഹജ്ജ് തീർത്ഥാടനത്തിന് മുഴുവൻ പണവുമടച്ച് യാത്ര പുറപ്പെട്ടവർ 10,000 രൂപ കൂടി അടക്കണമെന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ നിർദ്ദേശം പിൻവലിക്കണമെന്ന് മുസ്ലിം ലീഗ് ദേശീയ പ്രസിഡണ്ട് K M ഖാദർ മൊയ്ദീനും, ഓർഗനൈസിംഗ് സെക്രട്ടറി E.T മുഹമ്മദ് ബഷീറും ആവശ്യപ്പെട്ടു. ഇന്ധന വില വർധനയുടെ പേരിൽ ഈടാക്കുന്ന അധിക തുകയുടെ ബാധ്യത കേന്ദ്രഗവണ്മെന്റ് ഏറ്റെടുക്കണമെന്നും അവർ നിർദ്ദേശിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, രാജസ്ഥാൻ റോയൽസിനെ ജയ്പൂരിൽ ഏഴ് വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി, മുള്ളൂർക്കര, പാഞ്ഞാൾ, ചേലക്കര മേഖലയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ മലമ്പുഴ ഡാമിൽ നിന്ന് വെള്ളം തുറന്ന് വിടാൻ തീരുമാനിച്ചതായി ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ അറിയിച്ചു. തൃശൂർ, പാലക്കാട് ജില്ലാകലക്ടർമാരുടെയും, മുതിർന്ന ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് തീരുമാനം.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

...........(വോയ്സ്).....................

✪✪✪

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ മൂന്നുദിവസത്തെ നിലമ്പൂർ ആയിഷ നവതി ആദരം പരിപാടികൾക്ക് തുടക്കമായി. ഇതിന്റെ ഭാഗമായി അക്കാദമി തിയേറ്ററിൽ നിലമ്പൂർ ആയിഷ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചു. ഇന്നും സിനിമാപ്രദർശനം ഉണ്ടായിരിക്കും. നാളെ മാപ്പിളപ്പാട്ട് ആലാപന മത്സരം, "ആയിഷക്കാലം" ഡോക്യുമെന്ററി പ്രദർശനം എന്നിവ ഉണ്ടായിരിക്കും.

✪✪✪

കോഴിക്കോട്ട് വില്പനക്കായി കൊണ്ടുവന്ന 149 ഗ്രാം MDMA യുമായി മലപ്പുറം ചേലേമ്പ്ര സ്വദേശി മുഹമ്മദ് യൂനസ് അൽത്താഫിനെ സിറ്റി ഡാൻസാഫും, ഫറോക്ക് പോലീസും ചേർന്ന് പിടികൂടി. മയക്കുമരുന്ന് കടത്താൻ ഉപയോഗിച്ച കാറും, 40,000 രൂപയും ഇതോടൊപ്പം പിടിച്ചെടുത്തു.

✪✪✪

പാലക്കാട് കൊല്ലങ്കോട് വീട്ടിലെ രഹസ്യ അറയിൽ വിദേശ മദ്യം സൂക്ഷിച്ച വീട്ടമ്മയെ എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. മാഞ്ചിറ കണ്ണൻചിറയിൽ ശശികലയാണ് പിടിയിലായത്. വില്പനയ്ക്കായി സൂക്ഷിച്ച 124 ലിറ്റർ ഇന്ത്യൻ നിർമിത വിദേശമദ്യം വീട്ടിൽ നിന്ന് പിടിച്ചെടുത്തു.

✪✪✪

ഇടുക്കി മംഗളാദേവി ക്ഷേത്രോത്സവത്തിനിടെ ഇടിമിന്നലേറ്റ് പൊലീസ് ഉദ്യോഗസ്ഥനുൾപ്പെടെ 11 പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ കുമളി കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രാഥമിക ചികിത്സയ്ക്ക് ശേഷം പാലായിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. ആരുടെയും പരിക്ക് ഗുരുതരമല്ല.

✪✪✪

നിർധന രോഗികൾക്കായി മഞ്ചേരി മെഡിക്കൽ കോളേജിൽ ഡ്രസ് ബാങ്ക് സ്ഥാപിച്ചു. മെഡിക്കൽ, നഴ്സിങ് കോളേജ് വിദ്യാർഥികളുടെ കൂട്ടായ്മയായ പേഷ്യന്റ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിലാണ് അത്യാഹിത വിഭാഗം കേന്ദ്രീകരിച്ച് ഡ്രസ് ബാങ്ക് ഒരുക്കിയത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: പ്രവീൺ, അൻഷ കരീം*
*DEO : ഷീബ*